**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1752** **13-02-2025 - ൽ മറുപടിയ്ക്ക്**

**മിശ്ര വിവാഹ ധന സഹായ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മിശ്ര വിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ എത്രയെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിവരം ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഒഴികെ മിശ്രവിവാഹം ചെയ്യതുമൂലം സാമ്പത്തിക ദുരിതം അനുഭവിക്കുന്ന ദമ്പതിമാർക്ക് 2015 മുതൽ മിശ്രവിവാഹധനസഹായം അനുവദിക്കുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വന്നതോടെ മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായ ബ്ലോക്ക് പഞ്ചായത്തിനും, മുനിസിപ്പാലിറ്റിക്കും, കോർപ്പറേഷനുമായി കൈമാറ്റം ചെയ്യതാണ് വിതരണം ചെയ്തുവരുന്നത്. 9/9/2010 മുതൽ മിശ്രവിവാഹിതരായ ദമ്പതിമാർക്കുള്ള ധനസഹായം 30,000/- രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിശ്രവിവാഹ ധനസഹായത്തിനായി ലഭ്യമായ അപേക്ഷകളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം **അനുബന്ധമായി** ചുവടെ ചേർക്കുന്നു. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക, അപേക്ഷകൾക്ക് ആനുപാതികമായി ഓരോ ജില്ലയ്ക്കും വീതിച്ച് നൽകുകയാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ധനസഹായം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ബി) | മിശ്രവിവാഹ ധനസഹായം ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മുൻഗണനാക്രമം പാലിച്ച് അനുവദിച്ച് വരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം മിശ്രവിവാഹധന സഹായത്തിനായി 1,13,15,000/- രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത തുകയിൽ നിന്നും 1,12,80,000/- രൂപ മുൻഗണനാക്രമം പാലിച്ച് അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിനായി ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചതിനുശേഷവും മിശ്രവിവാഹ ധനസഹായം വിതരണം ചെയ്യുന്നതിനായി അധികമായി വേണ്ടി വരുന്ന 13,30,80,000/- രൂപ അധികധനാഭ്യർത്ഥന |

| | | | |
|---|---|---|---|
| | | | വഴി അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 209 |
| 2 | കൊല്ലം | 234 |
| 3 | പത്തനംതിട്ട | 65 |
| 4 | ആലപ്പുഴ | 276 |
| 5 | ഇടുക്കി | 93 |
| 6 | കോട്ടയം | 436 |
| 7 | എറണാകുളം | 218 |
| 8 | തൃശ്ശൂർ | 334 |
| 9 | പാലക്കാട് | 79 |
| 10 | മലപ്പുറം | 35 |
| 11 | കോഴിക്കോട് | 293 |
| 12 | വയനാട് | 72 |
| 13 | കണ്ണൂർ | 116 |
| 14 | കാസർഗോഡ് | 94 |
|  | ആകെ | **2554** |